**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 744** **30-01-2024 - ൽ മറുപടിയ്ക്ക്**

**നഷ്ടപരിഹാരം നിശ്ചയിക്കുന്നതിനുള്ള അർഹതാ മാനദണ്ഡങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. ടി. എ. റഹീം** | | **ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി)** | |
| (എ) | വൈദ്യുത കമ്പിയിൽ തട്ടി അപകടം സംഭവിക്കുന്നവർക്ക് ബോർഡ് മുഖേന നഷ്ടപരിഹാരം നൽകുന്നതിന് വ്യവസ്ഥയുണ്ടോ; എങ്കിൽ ആയതിന് നിശ്ചയിച്ചിട്ടുള്ള അർഹതാ മാനദണ്ഡങ്ങൾ വിശദമാക്കാമോ? | (എ) | കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ പ്രതിഷ്ഠാപനങ്ങളിൽ നിന്നും പൊതുജനങ്ങൾക്കുണ്ടാകുന്ന മാരകവും മാരകമല്ലാത്തതുമായ വൈദ്യുതാപകടങ്ങൾക്ക് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിൽ നിലവിലുള്ള "വൈദ്യുതി സുരക്ഷാ പദ്ധതി'യുടെ വ്യവസ്ഥകൾക്ക് വിധേയമായി താഴെ സൂചിപ്പിയ്ക്കുന്ന ആശ്വാസ ധനസഹായം/ നഷ്ടപരിഹാരം ലഭിയ്ക്കുന്നതിന് അർഹതയുണ്ട്.<br><br>1. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ പ്രതിഷ്ഠാപനങ്ങളിൽ നിന്നും പൊട്ടി വീണ കമ്പികളിൽ നിന്നും (ഉപഭോക്താവിന്റെ മീറ്റർ പോയിന്റ് വരെ) സംഭവിയ്ക്കുന്ന അപകടങ്ങളിൽ വൈദ്യുതാ ഘാതമേറ്റ് മരണപ്പെടുന്ന പൊതുജനങ്ങളുടെ ആശ്രിതർക്ക് "വൈദ്യുതി സുരക്ഷാ പദ്ധതി" പ്രകാരമുള്ള ആശ്വാസ ധനസഹായം/ നഷ്ടപരിഹാരമായി പരമാവധി **10 ലക്ഷം രൂപ ലഭിയ്ക്കുന്നതിന് അർഹതയുണ്ട്.**<br><br>2. അശ്രദ്ധ, സൂക്ഷ്മതക്കുറവ്, അറിവില്ലായ്മ എന്നിവ മൂലം കെ.എസ്.ഇ.ബി ലിമിറ്റഡിന്റെ പ്രതിഷ്ഠാപനങ്ങളിൽ നിന്നും വൈദ്യുതാഘാതമേറ്റ് മരണപ്പെടുന്ന പൊതുജനങ്ങളുടെ ആശ്രിതർക്ക് "വൈദ്യുതി സുരക്ഷാ പദ്ധതി" പ്രകാരമുള്ള ആശ്വാസ ധനസഹായം/ നഷ്ടപരിഹാരമായി പരമാവധി **രണ്ട് ലക്ഷം രൂപ** ലഭിയ്ക്കുന്നതിന് അർഹതയുണ്ട്.<br><br>3. മാരകമല്ലാത്ത അപകടം സംഭവിയ്ക്കുന്ന പൊതുജനങ്ങൾക്ക് സ്ഥിരവും സ്ഥായിയുമായ അംഗവൈകല്യം ഉണ്ടായാൽ ജില്ലാ മെഡിക്കൽ ബോർഡ് നൽകുന്ന അംഗവൈകല്യത്തിന്റെ ശതമാനം തെളിയിക്കുന്ന സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ അംഗവൈകല്യത്തിന്റെ ശതമാനത്തിന് ആനുപാതികമായി (പരമാവധി 10 |

ലക്ഷം രൂപ) ആശ്വാസ ധനസഹായമായി ലഭിയ്ക്കുന്നതിന് അർഹതയുണ്ട്.

**4.** അശ്രദ്ധ, സൂക്ഷ്മതക്കുറവ്, അറിവില്ലായ്മ എന്നിവ മൂലം കെ.എസ്.ഇ.ബി ലിമിറ്റഡിന്റെ പ്രതിഷ്ഠാപനങ്ങളിൽ നിന്നും വൈദ്യുതാ ഘാതമേറ്റ് മാരകമല്ലാത്ത അപകടം സംഭവിയ്ക്കുന്ന പൊതുജനങ്ങൾക്ക് സ്ഥിരവും സ്ഥായിയുമായ അംഗവൈകല്യം ഉണ്ടായാൽ ജില്ലാ മെഡിക്കൽ ബോർഡ് നൽകുന്ന അംഗവൈകല്യത്തിന്റെ ശതമാനം തെളിയിക്കുന്ന സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ അംഗവൈകല്യത്തിന്റെ ശതമാനത്തിന് ആനുപാതികമായി (പരമാവധി രണ്ട് ലക്ഷം രൂപ) വ്യവസ്ഥകൾക്ക് വിധേയമായി ആശ്വാസ ധനസഹായമായി ലഭിയ്ക്കുന്നതിന് അർഹതയുണ്ട്.

**കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ ജീവനക്കാർക്കുള്ള മരണാനന്തര നഷ്ടപരിഹാരം (1923ലെ തൊഴിലാളി നഷ്ടപരിഹാര നിയമ ത്തിന്റെയും കെ.എസ്.ഇ.ബി ലിമിറ്റഡ് പുറപ്പെടുവിച്ചിട്ടുള്ള ബന്ധപ്പെട്ട ബോർഡ് ഉത്തരവിലെയും വ്യവസ്ഥകൾക്ക് വിധേയമായി)**

1. പ്രായവും മാസവേതനവും അനുസരിച്ച് 1923 തൊഴിലാളി നഷ്ടപരിഹാര നിയമപ്രകാരം 7,45,275/- രൂപ മുതൽ 17,14,050/- രൂപ വരെ വ്യവസ്ഥകൾക്ക് വിധേയമായി നഷ്ടപരിഹാരത്തിന് അർഹതയുണ്ട് (03.01.2020 മുതൽ ബാധകം).

**2.** 2023-വർഷത്തേക്ക് ന്യൂ ഇന്ത്യ ഇൻഷുറൻസ് കമ്പനി ലിമിറ്റഡിന്റെ അപകട ആശ്വാസ ധനസഹായ പദ്ധതി പ്രകാരം 15 ലക്ഷം രൂപാ ഇൻഷുറൻസ് പരിരക്ഷയായി ലഭിക്കുന്നതിന് അർഹതയുണ്ട്.

3. വൈദ്യുതി ബോർഡ് തൊഴിലാളി ക്ഷേമനിധിയിൽ നിന്നും മരണാനന്തര ആനുകൂല്യമായി 12 ലക്ഷം രൂപ (ജൂലൈ 2021 മുതൽ ബാധകം) ലഭിക്കുവാൻ അർഹതയുണ്ട്.

4. അപകടമരണം സംഭവിക്കുന്ന ജീവനക്കാരന്റെ ആശ്രിതരിൽ ഒരാൾക്ക് വിദ്യാഭ്യാസ യോഗ്യത അനുസരിച്ച് കെ.എസ്.ഇ.ബി.ലിമിറ്റഡിൽ ആശ്രിത നിയമനത്തിന് അർഹതയുണ്ട്.

5. ശവസംസ്കാര ചെലവിനായി 10000/- രൂപയ്ക്ക് അർഹതയുണ്ട്. (LTS 2021).

6. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിലെ ദീർഘകാല കരാർ പ്രകാരം ജോലിക്കിടയിൽ സംഭവിക്കുന്ന അപകട ങ്ങൾക്ക് പൂർണ്ണമായ മെഡിക്കൽ ചികിത്സാ ചെലവിനും അർഹതയുണ്ട്.

**<u>കരാർ തൊഴിലാളികൾക്ക് അനുവദനീയമായ മരണാനന്തര നഷ്ടപരിഹാരം</u>. <u>(1923ലെ തൊഴിലാളി നഷ്ടപരിഹാര നിയമത്തിന്റെയും കെ.എസ്.ഇ.ബി ലിമിറ്റഡ് പുറപ്പെടുവിച്ചിട്ടുള്ള ബന്ധപ്പെട്ട ബോർഡ് ഉത്തരവിലെയും വ്യവസ്ഥകൾക്ക് വിധേയമായി)</u>**

അഞ്ച് ലക്ഷം രൂപയിൽ കവിയാത്ത അടങ്കൽ തുകയുള്ള കരാർ ജോലികൾ ഏറ്റെടുത്തു നടത്തുന്ന ചെറുകിട കരാറുകാരുടെ കീഴിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് 1923-ലെ തൊഴിലാളി നഷ്ടപരിഹാര നിയമം അനുസരിച്ച് താഴെ പറയുന്ന ആനുകൂല്യങ്ങൾക്ക് അർഹതയുണ്ട്.

1. പ്രായവും മാസവേതനവും അനുസരിച്ച 1923 തൊഴിലാളി നഷ്ടപരിഹാര നിയമപ്രകാരം 7,45,275/- രൂപ മുതൽ 17,14,050/- രൂപ വരെ വ്യവസ്ഥകൾക്ക് വിധേയമായി നഷ്ടപരിഹാരത്തിന് അർഹതയുണ്ട് (03.01.2020 മുതൽ ബാധകം).

2. ശവസംസ്കാര ചെലവിനായി 5000/- രൂപയ്ക്ക് അർഹതയുണ്ട്.

അഞ്ച് ലക്ഷം രൂപയിൽ കവിയുന്ന അടങ്കൽ തുകയുള്ള കരാർ ജോലികൾ ഏറ്റെടുത്ത് നടത്തുന്ന കരാറുകാരുടെ കീഴിൽ ജോലിചെയ്യുന്ന തൊഴിലാളികൾക്ക് ജോലിക്കിടെ അപകടമോ അപകടമരണമോ സംഭവിയ്ക്കുകയാണെങ്കിൽ നഷ്ടപരിഹാരം നൽകുന്നതിനുള്ള പൂർണ്ണമായ ഉത്തരവാദിത്തം കരാറുകാരനായിരിയ്ക്കും. അഞ്ച് ലക്ഷം രൂപയിൽ കവിയുന്ന അടങ്കൽ തുകയുള്ള കരാർ ജോലികൾ ഏറ്റെടുത്ത് നടത്തുന്ന കരാറുകാരൻ അയാളുടെ കീഴിലുള്ള തൊഴിലാളികൾക്ക് അപകട ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പുവരുത്തേണ്ടതാണ്. അപകടമരണം സംഭവിയ്ക്കുന്ന തൊഴിലാളിയുടെ നഷ്ടപരിഹാര തുക 1923-ലെ തൊഴിലാളി നഷ്ടപരിഹാരനിയമം അനുസരിച്ച് കണക്കാക്കുകയും പ്രസ്തുത തുക ഇൻഷ്വറൻസ് ക്ലെയിം/ കരാറുകാരൻ കെട്ടിവച്ചിട്ടുള്ള സെക്യൂരിറ്റി ഡെപ്പോസിറ്റ്/ കരാറുകാരനിൽ നിന്നോ ഈടാക്കി നഷ്ടപരിഹാരം അനുവദിയ്ക്കുവാനുള്ള നടപടിക്രമങ്ങൾ പാലിച്ച് വരുന്നു.

| | | | |
|---|---|---|---|
| | | | ഇതിനുപുറമെ എംപ്ലോയീസ് കോമ്പൻസേഷൻ കമ്മിഷണർ പുറപ്പെടുവിക്കുന്ന ഉത്തരവ് പ്രകാരം നഷ്ടപരിഹാരം അനുവദിക്കുവാൻ കാലതാമസമുണ്ടാകുന്ന സാഹചര്യങ്ങളിൽ അപകടം സംഭവിച്ച ദിവസം മുതൽ അർഹമായ നഷ്ടപരിഹാരം നൽകുന്ന ദിവസം വരെയുള്ള കാലയളവിലേയ്ക്ക് നഷ്ടപരിഹാര തുകയുടെ 12% പലിശയുൾപ്പടെ ലഭിക്കുന്നതിന് മരണപ്പെടുന്നവരുടെ അനന്തരാവകാശികൾക്ക് അർഹതയുണ്ട്. |

സെക്ഷൻ ഓഫീസർ